**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.374** **04/06/2018-ൽ മറുപടിക്ക്**

**മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി**

**ചോദ്യം**
ശ്രീ.ടി.എ.അഹമ്മദ് കബീർ

**മറുപടി**
ശ്രീമതി. കെ കെ ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2017-18-ലെ വാർഷിക പദ്ധതി പ്രകാരം ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്ന പട്ടികയിൽ നിന്നും മങ്കട ഗ്രാമപഞ്ചായത്ത് ഒഴിവായതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | കേരള സംസ്ഥാനത്തെ സമ്പൂർണ്ണ ഹോമിയോപ്പതി സംസ്ഥാനമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാരിന്റെയോ എൻ.എച്ച്.എം.-ന്റെയോ, എസ്.സി.പി.യുടെയോ ഡിസ്പെൻസറികൾ ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഹോമിയോപ്പതി ഡിസ്പെൻസറികൾ ആരംഭിക്കുക എന്നതാണ് സർക്കാരിന്റെ നയം. പ്രസ്തുത നയം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2017-18 സാമ്പത്തിക വർഷം 10 ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. ഇനി ഡിസ്പെൻസറികൾ ആരംഭിക്കുവാനുള്ള പട്ടികയിൽ മങ്കട ഗ്രാമപഞ്ചായത്തിന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട്. ഏതെങ്കിലും പ്രത്യേക കാരണത്താൽ അല്ല മങ്കടയെ പുതുതായി ആരംഭിച്ച പട്ടികയിൽ ഉൾപ്പെടുത്താതിരുന്നത്. 2018-19 സാമ്പത്തിക വർഷം പുതുതായി ഡിസ്പെൻസറികൾ ആരംഭിക്കുന്ന അവസരത്തിൽ മങ്കട ഗ്രാമപഞ്ചായത്ത് ഉൾപ്പെടെയുള്ള മറ്റ് പഞ്ചായത്തുകളുടെ വിഷയം പരിശോധിക്കുന്നതാണ്. |
| (ബി) | 2018-19 സാമ്പത്തിക വർഷം മങ്കട ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള അനുമതി നൽകാമോ;വിശദമാക്കാമോ? | (ബി) | |

സെക്ഷൻ ഓഫീസർ